REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ശുചിത്വക്യാമ്പയ്നിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും ചരിത്രസംരക്ഷണത്തിനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രിയുടെ പ്രതിമാസ മൻ കി ബാത്ത്.**
- **നാളെ ആരംഭിക്കുന്ന പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ തുടങ്ങി.**
- **വയനാട് ലോക് സഭാ എംപിയായി കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധി നാളെ സത്യപ്രതിജ്ഞ ചെയ്യും.**
- **ഇന്ത്യ- ഓസ്ട്രേലിയ ആദ്യ ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ കൂറ്റൻ സ്കോറിലേക്ക്.**

## വാർത്തകൾ വിശദമായി

ശുചിത്വക്യാമ്പയ്നിനും പരിസ്ഥിതി പുനഃസ്ഥാപനത്തിനും ചരിത്രസംരക്ഷണത്തിനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രിയുടെ പ്രതിമാസ മൻകിബാത്ത്, ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്തു. വികസിത ഭാരത സൃഷ്ടിക്ക് യുവതയുടെ പങ്ക് ഏറെ പ്രധാനപ്പെട്ടതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഇന്നത്തെ NCC ദിനത്തെ പരാമർശിച്ചായിരുന്നു മൻ കി ബാത്തിന്റെ തുടക്കം. കോളേജ് പഠനകാലത്ത് NCC കേഡറ്റ് ആയിരുന്ന അനുഭവം അദ്ദേഹം പങ്ക് വെച്ചു. യുവാക്കളിൽ അച്ചടക്ക-നേതൃത്വ-സേവന മനോഭാവങ്ങൾ വളർത്താൻ

NCC ക്ക് കഴിയുന്നുണ്ട്. NCC യെ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികളാണ് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്. ജനുവരി 12ന് സ്വാമി വിവേകാന്ദന്റെ ജന്മദിനത്തിൽ ഈ വർഷത്തെ യുവജന ദിനം വിശേഷപ്പെട്ട തരത്തിൽ ആഘോഷിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്.

ഓഡിയോ... PM

ജനുവരി 11,12 തിയ്യതികളിൽ ഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ യുവജനആശയങ്ങളുടെ മഹാകുംഭം - വികസിത ഭാരതം - യുവനേതാക്കളുടെ സംവാദം സംഘടിപ്പിക്കും. കോടിക്കണക്കിന് യുവജനങ്ങൾ ഇതിൽ പങ്കെടുക്കും. ഗ്രാമ - ബ്ലോക്ക് - ജില്ലാ - സംസ്ഥാന തലങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത, 2000 യുവാക്കൾ ഭാരത് മണ്ഡപത്തിൽ നേരിട്ട് പങ്കെടുക്കും. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഒരു ലക്ഷം യുവാക്കളെ രാഷ്ട്രീയവുമായി ബന്ധിപ്പിക്കാൻ നടത്തുന്ന പ്രചാരണത്തിന്റെ ഭാഗമാണ് സംവാദമെന്ന് അദ്ദേഹം പറഞ്ഞു. യുവാക്കളുടെ ആശയങ്ങൾ ഗവൺമെന്റിനും വിദഗ്ധർക്കും മുന്നിൽ അവതരിപ്പിക്കാനും രാജ്യത്തിന്റെ ഭാവിയിലേക്ക് റോഡ്മാപ്പ് തയ്യാറാക്കാനും സംരംഭം വഴിതുറക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്.....

..................വോയ്സ്.................

സമൂഹത്തിന് വേണ്ടി നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന നിരവധി യുവാക്കൾ പലയിടത്തും ഉണ്ടെന്നും അവർ ഒത്തുചേർന്ന് പ്രവർത്തിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന ഉദാഹരണങ്ങളുണ്ടെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ അഭിപ്രായപ്പെട്ടു. മുതിർ ന്ന്പൗരന്മാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് എടുത്തുകൊടുക്കുന്ന ലഖ്നൗവിലെ വീരേന്ദ്രന്റെ ശ്രമം അദ്ദേഹം എടുത്തു കാണിച്ചു. മുതിർന്ന പൗരന്മാരെ ഡിജിറ്റൽ വിപ്ലവത്തിന്റെ ഭാഗമാക്കാൻ മുൻകൈയെടുക്കുന്ന മഹേഷും, അഹമ്മദാബാദിലെ രാജീവും ഡിജിറ്റൽ കുറ്റകൃത്യങ്ങളുടെ ഇരകളാകുന്നതിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ അറസ്റ്റ് എന്ന നടപടി രാജ്യത്തില്ലെന്നും സൈബർ ചതിക്കുഴിയുടെ ഭാഗമാണ് ഇതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വിദ്യാർത്ഥികളുടെ പഠനത്തിലും സർഗാത്മകഥയിലും മികച്ച അവസരങ്ങൾ ലൈബ്രറികൾ സൃഷ്ടിക്കുന്നുണ്ട്. മത്സപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് ഉപയോഗപ്രദമായ ലൈബ്രറികൾ സമൂഹത്തെ ശാക്തീകരിക്കാൻ സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ലോക രാജ്യങ്ങളിൽ കഴിയുന്ന ലക്ഷക്കണക്കിന് ഭാരതീയർ അവിടുത്തെ രാഷ്ട്രീയത്തിലും ബിസിനസ്സിലും വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സജീവ പങ്കാളിത്തം വഹിക്കുന്നതിൽ അദ്ദേഹം അഭിമാനം  പ്രകടിപ്പിച്ചു. വിവിധ രാജ്യങ്ങളിൽ ഭാരതകുടിയേറ്റക്കാർ സ്വന്തം മുദ്ര പതിച്ചതിന്റെ യഥാർത്ഥ കഥകൾ കണ്ടെത്തി നമോ ആപ്പിലൊ, MY GOV പ്ലാറ്റ് ഫോമിലോ  പങ്ക് വെക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

ഏതാനും മാസം മുമ്പ് ആരംഭിച്ച ഏക് പേട് മാം കെ നാം ക്യാമ്പയിനിൽ നൂറ് കോടി മരത്തൈകൾ നട്ടുപിടിപ്പിക്കുകയെന്ന നാഴികകല്ല് പിന്നിട്ടതിൽ സന്തോഷം അറിയിച്ച പ്രധാനമന്ത്രി, ലോകത്തെ മറ്റ് രാജ്യങ്ങളിലേക്കും ഈ പരിപാടി വ്യാപിക്കുന്നുണ്ടെന്ന് അറിയിച്ചു.

മധ്യപ്രദേശിലെ ഇൻഡോറിൽ  24 മണിക്കൂറിനകം 12 ലക്ഷത്തിലേറെ മരങ്ങൾ നട്ടുപിടിപ്പിച്ചു. ഇതിലൂടെ രേവതി ഹിൽസിലെ തരിശായ പ്രദേശം ഗ്രീൻ സോണായി മാറാൻ പോവുകായാണ്. രാജസ്ഥാനിലെ ജയ്സാൻ മീറിൽ ഒരുസംഘം സ്ത്രീകൾ ഒരു മണിക്കൂറിൽ 25,000 മരങ്ങൾ നട്ടതായും പ്രധാന മന്ത്രി പറഞ്ഞു. പരിസ്ഥിതി സൗഹൃദപരമായ സമ്പൂർണ ഇക്കോ സിസ്റ്റം രൂപപ്പെടുത്തുകയാണ് ഇതു വഴി സാധ്യമാകുന്നത്. അമ്മയുടെ പേരിലോ അമ്മയോടൊപ്പമോ നടുന്ന മരത്തിന്റെ സെൽഫി MY GOV.IN ൽ പോസ്റ്റ് ചെയ്യാനും അദ്ദേഹം ആവശ്യപ്പെട്ടു.

വർദ്ധിച്ചുവരുന്ന നഗരവത്കരണം മൂലം ജൈവ വൈവിധ്യങ്ങൾ നഷ്ടമാകുന്ന സാഹചര്യം ഒഴിവാക്കണം. നഗരങ്ങൾ വ്യാപിച്ചതോടെ കുരുവികളുടെ എണ്ണത്തിലുണ്ടായ കുറവ് പരിഹരിക്കാൻ ചെന്നൈയിലെ കൂടുഗൾ ട്രസ്റ്റ് നടത്തിയ പ്രവർത്തനം പ്രധാനമന്ത്രി എടുത്തു പറഞ്ഞു. കുട്ടികളെ ബോധവത്കരിച്ച് പതിനായിരത്തോളം കുരുവിക്കുടുകൾ അവർവഴി സ്ഥാപിച്ചു. ഇതിലൂടെ സമീപ പ്രദേശങ്ങളിൽ കുരുവികളുടെ എണ്ണം വർദ്ധിച്ചതായി പ്രധാനമന്ത്രി പറഞ്ഞു.

ഗവൺമെന്റ് ഓഫീസുകളിൽ നടപ്പാക്കിയ പഴയ ഫയലുകളും പാഴ് വസ്തുക്കളും നീക്കം ചെയ്യുന്ന ശുചിത്വ ക്യാമ്പയിൻ വലിയ വിജയമാണെന്ന് അദ്ദേഹം വിലയിരുത്തി. ഓഫീസുകളിൽ ധാരാളം  സ്ഥലം ലാഭിക്കാനും ജീവനക്കാർക്ക് തൊഴിലിടത്തിൽ ഉടമസ്ഥാവകാശബോധമുണ്ടാക്കാനും ക്യമ്പയിൻ പ്രയോജനപ്പെട്ടു.

ഉപയോഗശൂന്യമായ സാധനങ്ങളിൽ നിന്ന് വരുമാനം ഉണ്ടാക്കുന്ന സംരംഭങ്ങളെപ്പറ്റിയും പ്രധാനമന്ത്രി മൻ കി ബാത്തിൽ പരാമർശിച്ചു. കാൺപൂരിലും മുംബൈയിലും ഗംഗയിലെ സ്നാനഘട്ടങ്ങളിലും പാഴ്

വസ്തുക്കൾ ശേഖരിച്ച് അവയെ പരിവർത്തനപ്പെടുത്തി വരുമാനമുണ്ടാക്കുന്ന നിരവധി സംരംഭങ്ങളുണ്ട്.

അരുണാചലിലെ സാംഗ്തി താഴ്-വര വൃത്തിയാക്കി സംരക്ഷിക്കുന്ന അസമിലെ ഇതിഷ, ഭാരതത്തിന്റെ ശുചിത്വക്യാമ്പയിനിന് ഊർജ്ജം പകരുന്ന വ്യക്തിത്വമാണെന്ന് പ്രധാനമന്ത്രി വിശേഷിപ്പിച്ചു.

✪✪✪

നാളെ ആരംഭിക്കുന്ന പാർലമെന്റ് ശീതകാല സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം ന്യൂഡൽഹിയിൽ തുടങ്ങി. രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലാണ് യോഗം. സമ്മേളനത്തിൽ ലോക്സഭയുടെയും രാജ്യസഭയുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ ഗവൺമെന്റ് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ തേടും. കേന്ദ്ര മന്ത്രിമാരായ കിരൺ റിജിജു, അനുപ്രിയ പട്ടേൽ, BJD MP സസ്മിത് പത്ര, MDMK MP വൈകോ, കോൺഗ്രസ് എംപിമാരായ പ്രമോദ് തിവാരി, ജയറാം രമേശ് തുടങ്ങിയവർ സർവകക്ഷി യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

വഖഫ് ബില്ലും, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് നിർദ്ദേശവും അടക്കം സുപ്രധാന വിഷയങ്ങൾ സമ്മേളനകാലത്ത് ചർച്ചയ്ക്ക് വരും. ഡിസംബർ 20 വരെയാണ് പാർലമെന്റ് സമ്മേളിക്കുന്നത്.

✪✪✪

വയനാട് ലോക് സഭാ എംപിയായി കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധി നാളെ സത്യപ്രതിജ്ഞ ചെയ്യും. ചൂരൽ മല, മുണ്ടക്കൈ ദുരന്തം പാർലമെന്റിൽ ആദ്യം ഉന്നയിക്കുമെന്ന് അവർ അറിയിച്ചു.

✪✪✪

പാലക്കാട്ടെ UDF ന്റെ വിജയം വർഗ്ഗീയതയെ കൂട്ടുപിടിച്ചാണെന്ന് മന്ത്രി P രാജീവ് ആരോപിച്ചു. അവിശുദ്ധ കൂട്ടുകെട്ട് മറികടന്ന് മണ്ഡലത്തിൽ നില മെച്ചപ്പെടുത്താനായെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പാലക്കാട്ട് BJP ക്ക് വോട്ട് കുറഞ്ഞതിൽ CPIM ന് ആണ് സങ്കടമെന്ന് പ്രതിപക്ഷനേതാവ് വിഡി സതീശൻ കുറ്റപ്പെടുത്തി. 2021 നേക്കാൾ 15,000 പുതിയ വോട്ടുകൾ പാലക്കാട് ഉണ്ടായിട്ടും CPIM ന് നേരിയ വർദ്ധന മാത്രമാണ് ലഭിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

ചേലക്കരയിൽ കോൺഗ്രസിന് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ലെന്ന് KPCC പ്രസിഡന്റ് K സുധാകരൻ പറഞ്ഞു. സ്ഥാനാർത്ഥിത്വത്തിൽ പാർട്ടിക്ക് പിഴവ് ഉണ്ടായില്ലെന്നും 38 വർഷമായി LDF ന്റെ കൈയിലിരിക്കുന്ന അവരുടെ സിറ്റിംഗ് സീറ്റിലെ ഭൂരിപക്ഷം കുറയ്ക്കാൻ രമ്യ ഹരിദാസിനായെന്നും സുധാകരൻ വിശദീകരിച്ചു.

✪✪✪

സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരമില്ലെന്നും UDF ഉം BJP ഉം വർഗീയതയെ ഉപയോഗിച്ചാണ് വോട്ട് തേടിയതെന്നും CPIM കേന്ദ്രകമ്മിറ്റി അംഗം EP ജയരാജൻ പറഞ്ഞു. മതനിരപേക്ഷത ദുർബലപ്പെടുത്താനാണ് കോൺഗ്രസ് ശ്രമിച്ചത്.

✪✪✪

പാലക്കാട് ഉപതെരഞ്ഞെടുപ്പിൽ ഇത്തവണ BJP യുമായി വോട്ട് വ്യത്യാസം കുറയ്ക്കാൻ കഴിഞ്ഞതായി CPIM നേതാവ് AK ബാലൻ അവകാശപ്പെട്ടു. ഇത് പ്രധാന മാറ്റമാണെന്നും ഭാവിയിൽ BJPയെ അതിജയിച്ച് ഒന്നാം സ്ഥാനത്ത് എത്താമെന്ന പ്രതീതി ജനിപ്പിക്കുന്നതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

നിയുക്ത MLA രാഹുൽ മാങ്കൂട്ടത്തിൽ രാവിലെ കോട്ടയം പുതുപ്പള്ളിയിൽ ഉമ്മൻ ചാണ്ടിയുടെ കല്ലറയിൽ എത്തി പ്രാർത്ഥിച്ചു. ഈ വിജയം കാണാൻ ഉമ്മൻ ചാണ്ടി ഇല്ലാത്തതിൽ ദുഃഖിതനാണെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

അന്തരിച്ച സാഹിത്യകാരനും നാടകകൃത്തും സാംസ്കാരിക പ്രമുഖനുമായ ഓംചേരി NN പിള്ളയുടെ ഭൗതിക ശരീരം ഡൽഹിയിൽ പൊതുദർശനത്തിന് വെച്ചു. ഉച്ചയ്ക്ക് രണ്ടു വരെ ഡൽഹി ട്രാവൻകൂർ പാലസിലാണ് പൊതുദർശനം. ഉച്ചകഴിഞ്ഞ് മൂന്നിന് ലോധി റോഡ് ശ്മശാനത്തിൽ സംസ്കരിക്കും.

✪✪✪

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന കുട്ടികൾക്ക് , സൗജന്യ ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ചടങ്ങ് തിരുവനന്തപുരത്ത് മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അയ്യങ്കാളി ഹാളിൽ വൈകിട്ടാണ് പരിപാടി.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ഡിസംബറിൽ സംഘടിപ്പിക്കുന്ന 29-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ നാളെ ആരംഭിക്കും. ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്താണ് ചലച്ചിത്രോത്സവം.

✪✪✪

പെർത്തിൽ ബോർഡർ ഗാവസ്കർ ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസമായ ഇന്ന് രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യ മികച്ച നിലയിലേക്ക്. ഒടുവിൽ വിവരം കിട്ടുമ്പോൾ ഇന്ത്യ 5 വിക്കറ്റ് നഷ്ടത്തിൽ 358 റൺസെടുത്തിട്ടുണ്ട്. ഇന്നലെ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 104 റൺസിന് എല്ലാവരും പുറത്തായിരുന്നു.

✪✪✪

ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പിന് കണ്ണൂർ പറശ്ശിനിക്കടവിൽ തുടക്കമായി. KV. സുമേഷ് MLA ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

സന്തോഷ് ട്രോഫി യോഗ്യത മത്സരത്തിൽ കേരളം ഇന്ന് പുതുച്ചേരിയെ നേരിടും. വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കൊച്ചി ജവഹർ ലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കുട്ടനാട്ടിലെ കൈനകരിയിൽ ചാമ്പ്യൻസ് ബോട്ട് ലീഗ് രണ്ടാം മത്സരത്തിൽ പള്ളാത്തുരുത്തി ബോട്ട് ക്ലബ് തുഴഞ്ഞ കാരിച്ചാൽ ചുണ്ടൻ ജേതാക്കളായി. കൈനകരി വില്ലേജ് ബോട്ട് ക്ലബിന്റെ വിയപുരം ചുണ്ടനാണ് രണ്ടാംസ്ഥാനം.

✪✪✪

റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ നാളെ മുതൽ ഡിസംബർ പത്തു വരെ അപേക്ഷ നൽകാം. ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

✪✪✪